ജൈവവൈവിധ്യ

സംരക്ഷണം



# – 3 –
# വന്യജീവി സങ്കേതങ്ങൾ

കഴിഞ്ഞ ലക്കത്തിൽ നമ്മൾ വന്യജീവിസങ്കേതങ്ങൾ എന്താണെന്ന് മനസ്സിലാക്കി. അതുപോലെ വന്യജീവിസങ്കേതങ്ങൾ ഉൾപ്പെടുന്ന വനവിഭാഗങ്ങളുടെ മേഖലാ വിഭജനങ്ങൾ ഏതെല്ലാമെന്നും മനസ്സിലാക്കി.


ഡോ. കെ കിഷോർ കുമാർ

കഴിഞ്ഞ അധ്യായത്തിൽ പരിചയപ്പെടുത്തിയ രീതിയിലുള്ള പതിനായിരക്കണക്കിന് വന്യജീവി സങ്കേതങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ചിതറിക്കിടക്കുന്നു. ഭാരതത്തിൽ മാത്രം 34 സംസ്ഥാനങ്ങളിലായി 516 വന്യജീവി സങ്കേതങ്ങളുണ്ട് (പട്ടിക 1 ശ്രദ്ധിക്കുക).

ഏറ്റവും കൂടുതൽ വന്യജീവി സങ്കേതങ്ങളുള്ള സംസ്ഥാനം/കേന്ദ്ര ഭരണ പ്രദേശം അന്തമാൻ-നിക്കോബാർ ദ്വീപസമൂഹങ്ങളാണ്. ഇവിടെ ചിതറിക്കിടക്കുന്ന നൂറു കണക്കിന് ദ്വീപുകളിലായി 96 വന്യജീവി സങ്കേതങ്ങളാണുള്ളത്. ഇവയുടെ മൊത്തം വിസ്തൃതി 466 ച. കി. ആണ്. പക്ഷേ, ഇത് നമ്മുടെ കേരളത്തിലെ പെരിയാർ വന്യജീവി സങ്കേതത്തിന്റെ വിസ്തൃതിയോളമേ വരൂ!! രണ്ടും മൂന്നും സ്ഥാനത്തു നിൽക്കുന്ന സംസ്ഥാനങ്ങളായ മഹാരാഷ്ട്രയിലും ഹിമാചൽപ്രദേശിലും യഥാക്രമം 35ഉം 32ഉം

## അന്തമാൻ – നിക്കോബാർ ദ്വീപുകൾ


ഇന്ത്യയിലെ ഒരു കേന്ദ്രഭരണ പ്രദേശമാണ് 394 ദ്വീപുകൾ ചേർന്ന് 8249 ച. കി. മീ. വിസ്തൃതിയുള്ള അന്തമാൻ നിക്കോബാർ ദ്വീപുകൾ ഇതിൽ 38 ദ്വീപുകളിൽ മാത്രമേ സ്ഥിരമായി ആൾത്താമസമുള്ളൂ. സുമാർ മൂന്ന് ലക്ഷത്തി എൺപതിനായിരം ആൾക്കാർ ഇവിടെ താമസിക്കുന്നു. അന്തമാൻ ദ്വീപുകൾ നിക്കോബാർ ദ്വീപുകളിൽ നിന്നും സുമാർ 150 കി. മീ. ദൂരത്തിലാണ് സ്ഥിതി ചെയ്യുന്നത്. അന്തമാനിലെ പോർട്ട് ബ്ലെയറാണ് തലസ്ഥാനം. ബ്രിട്ടീഷുകാർ കുറ്റവാളികളെ താമസിപ്പിക്കാനായി ഈ ദ്വീപുകൾ ഉപയോഗിച്ചിരുന്നു. ഇവിടുത്തെ ജയിലുകളാണ് 'കാലാപാനി' എന്ന് കുപ്രസിദ്ധി നേടിയത്. മോഹൻലാൽ അഭിനയിച്ച 'കാലാപാനി' എന്ന സിനിമ കൂട്ടുകാർ കണ്ടു കാണുമല്ലോ...!!



2011-2020 United Nations Decade on Biodiversity




## ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ്



തുറസ്സായ പുൽമേടുകളിൽ ജീവിക്കുകയും കൂടുവയ്ക്കുകയും ചെയ്യുന്ന ഭാരമേറിയ വലിയ പക്ഷികളാണ് ബസ്റ്റാർഡുകൾ. പറക്കാൻ കഴിയുന്ന പക്ഷികളിൽ ഭാരതത്തിലെ ഏറ്റവും വലിയ ഇനമാണ് പാക്കിസ്ഥാനിൽ കൂടി കാണപ്പെടുന്ന ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ്. അത്യധികം വംശനാശഭീഷണി നേരിടുന്ന പക്ഷികളാണിവ. ഏതാണ്ട് 250 എണ്ണമേ ഇന്ന് ലോകത്തിൽ അവശേഷിക്കുന്നുള്ളൂ. ഒറ്റനോട്ടത്തിൽ ഒട്ടകപ്പക്ഷിയോട് സാദൃശ്യമുള്ള ഇവയുടെ ആൺ വർഗത്തിന് ഒന്നേകാൽ മീറ്റർ ഉയരവും 15 കിലോയോളം ഭാരവും കാണും. പൊതുവെ കൃഷ്ണമൃഗങ്ങളുടെ കൂടെയാണ് (Black buck) വിഹരിക്കാറ്. ദേശീയപക്ഷിയുടെ സ്ഥാനത്തേക്ക് മയിലിനു പകരം ഡോ.സാലിം അലി നിർദേശിച്ച ഒരു പക്ഷി കൂടിയാണിത്.

സങ്കേതങ്ങൾ വീതമാണുള്ളത്. അന്തമാനിലെ വന്യജീവി സങ്കേതങ്ങളുടെ പേരുകളിൽ പലതും കൗതുകം ജനിപ്പിക്കുന്നതാണ്. പാമ്പ് ദ്വീപ്, അമ്പല ദ്വീപ്, കടലാമ ദ്വീപ്, മുട്ട ദ്വീപ്, ഓർക്കിഡ് ദ്വീപ്, മയിൽ ദ്വീപ്, മണൽ ദ്വീപ്, സ്രാവ് ദ്വീപ്, മുള ദ്വീപ് എന്നിങ്ങനെയാണ് പല സങ്കേതങ്ങളുടേയും പേര്!!

സ്വാതന്ത്ര്യലബ്ധിക്കു മുമ്പു തന്നെ ഭാരതത്തിൽ 14 വന്യജീവി സങ്കേതങ്ങളുണ്ടായിരുന്നു. ഇതിൽ ഏറ്റവും പഴക്കമേറിയത് 1834ൽ അസമിൽ സ്ഥാപിതമായ പാനി-ദിഹിംഗ്(Pani - Dihing WLS) പക്ഷിസങ്കേതമാണ് ഭാരതത്തിലെ ഏറ്റവും വലിയ വന്യജീവി സങ്കേതം മഹാരാഷ്ട്രയിലെ ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ് (Great Indian bustard) സങ്കേതമാണ്.



വംശനാശഭീഷണി നേരിടുന്ന വലിയ പക്ഷിയായ ഇതിനെ സംരക്ഷിക്കുവാൻ വേണ്ടി രൂപീകൃതമായ ഈ സങ്കേതത്തിന് 8496.44 ച. കി. വിസ്തൃതിയുണ്ട്. വെറും ഒരു ഹെക്ടർ മാത്രം വിസ്തൃതിയുള്ള (0.01 ചി. കി) ഭാരതത്തിലെ ഏറ്റവും ചെറിയ നാല് സങ്കേതങ്ങളിൽ രണ്ടെണ്ണം അന്തമാൻ നിക്കോബാർ ദ്വീപുകളിലാണ്. ഗൂസ് ദ്വീപ് സ

### ഇന്ത്യയിലെ വന്യജീവി സങ്കേതങ്ങൾ

പട്ടിക 1

| നം. | സംസ്ഥാനം/ കേന്ദ്രഭരണ പ്രദേശം | വന്യജീവി സങ്കേതങ്ങൾ | വിസ്തീർണം (ച.കി.) |
|---|---|---|---|
| 1 | ആന്ധ്രാപ്രദേശ് | 22 | 12,559.59 |
| 2 | അരുണാചൽപ്രദേശ് | 11 | 7,606.37 |
| 3 | അസം | 18 | 1,932.00 |
| 4 | ബീഹാർ | 13 | 2,533.25 |
| 5 | ഛത്തീസ്ഗഢ് | 11 | 3,583.80 |
| 6 | ഗോവ | 6 | 647.91 |
| 7 | ഗുജറാത്ത് | 22 | 16,145.91 |
| 8 | ഹരിയാന | 8 | 206.65 |
| 9 | ഹിമാചൽപ്രദേശ് | 32 | 6132.55 |
| 10 | ജമ്മു & കാശ്മീർ | 16 | 10,328.75 |
| 11 | ജാർഖണ്ഡ് | 11 | 2,158.05 |
| 12 | കർണാടക | 21 | 3,887.83 |
| 13 | കേരള | 16 | 1,968.76 |
| 14 | മധ്യപ്രദേശ് | 25 | 6,711.74 |
| 15 | മഹാരാഷ്ട്ര | 35 | 14,252.61 |
| 16 | മണിപ്പൂർ | 5 | 706.70 |
| 17 | മേഘാലയ | 3 | 34.20 |
| 18 | മിസോറാം | 7 | 840.75 |
| 19 | നാഗാലാൻഡ് | 3 | 19.83 |
| 20 | ഒറീസ | 18 | 8,120.08 |
| 21 | പഞ്ചാബ് | 11 | 2,376.82 |
| 22 | രാജസ്ഥാൻ | 23 | 3,176.76 |
| 23 | സിക്കിം | 7 | 399.10 |
| 24 | തമിഴ്നാട് | 21 | 3,536.65 |
| 25 | ത്രിപുര | 5 | 572.01 |
| 26 | ഉത്തർപ്രദേശ് | 23 | 4,728.71 |
| 27 | ഉത്തരാഞ്ചൽ/ഉത്തരാഖണ്ഡ് | 6 | 2,419.24 |
| 28 | പശ്ചിമ ബംഗാൾ | 15 | 1,105.81 |
| 29 | ആൻഡമാൻ & നിക്കോബാർ | 96 | 466.22 |
| 30 | ചണ്ഡീഗഢ് | 2 | 26.01 |
| 31 | ദാദ്ര & നഗർ ഹവേലി | 1 | 92.16 |
| 32 | ദാമൻ & ദിയു | 1 | 2.18 |
| 33 | ഡൽഹി | 2 | 19.78 |
| 34 | ലക്ഷദ്വീപ് | 1 | 0.01 |
| 35 | പോണ്ടിച്ചേരി/പുതുച്ചേരി | 0 | 0 |
| | **ആകെ** | **516** | **1,19,298.79** |



*ജോർപോക്ക്റി സാലമണ്ടർ*

ങ്കേതം (Goose Island), റോവ് ദ്വീപ് സങ്കേതവും (Rowe Island) ആണിവ. ലക്ഷദ്വീപിലെ പിറ്റി പക്ഷി സങ്കേതവും (Pitti WLS), പശ്ചിമ ബംഗാളിലെ ജോർ പോക്ക്റി സാലമണ്ടർ സങ്കേതവുമാണ് (Jorepokhri Salamander) മറ്റുള്ളവ.

ഭൂമുഖത്ത് നിന്നും അന്യം നിന്നുപോയി എന്നു കരുതിയ 'ഹിമാലയൻ സാലമണ്ടറിനെ' 1964ലാണ് വീണ്ടും ഡാർജലിങ് കുന്നുകളിൽ നിന്ന് കണ്ടെത്തിയത്. ജോർപോക്ക്റിയിൽ നിന്നും വെറും 19 കി.മീ. ദൂരമുണ്ട് ഇവിടേക്ക്. റെഡ് ഡാറ്റാ ബുക്കിൽ സ്ഥാനം പിടിച്ച ഈ ഉഭയ വർഗ ജീവിക്ക് പൂർണ വളർച്ചയെത്തുമ്പോൾ 16–17 സെ.മീ നീളമുണ്ടാകും.

ഭാരതത്തിലെ വന്യജീവി സങ്കേതങ്ങളുടെ ഒരേകദേശ ധാരണ ആയിക്കാണുമെന്ന് പ്രതീക്ഷിക്കട്ടെ. ഒരു ചോദ്യം അവശേഷിക്കുന്നു. വന്യജീവി സങ്കേതങ്ങളോ ദേശീയോദ്യാനങ്ങളോ ഇല്ലാത്ത ഏതെങ്കിലും സംസ്ഥാനമോ/ കേന്ദ്രഭരണ പ്രദേശമോ ഭാരതത്തിലുണ്ടോ? 'ഉണ്ട്' എന്നാണ് ഉത്തരം. കേന്ദ്രഭരണ പ്രദേശമായ പോണ്ടിച്ചേരിയിൽ ഇത്തരത്തിലുള്ള സംരക്ഷിത കേന്ദ്രങ്ങൾ ഒന്നും തന്നെയില്ല.

## വന്യജീവി സങ്കേതങ്ങൾ കേരളത്തിൽ



*പെരിയാർ സങ്കേതത്തിൽ നിന്ന് ഒരു ദൃശ്യം*

ഇനി നമുക്ക് കേരളത്തിലെ വന്യജീവി സങ്കേതങ്ങളുടെ കാര്യമെടുക്കാം. നിലവിൽ നമുക്ക് 16 വന്യജീവി സങ്കേതങ്ങളാണുള്ളത് – വടക്ക് കണ്ണൂർ ജില്ലയിൽ സ്ഥിതി ചെയ്യുന്ന ആറളം സങ്കേതം മുതൽ തെക്ക് തിരുവനന്തപുരം ജില്ലയിൽ സ്ഥിതിചെയ്യുന്ന നെയ്യാർ സങ്കേതം വരെ മൊത്തം 1968.76 ച.കി. വിസ്തൃതിയിൽ വന്യജീവി സങ്കേതങ്ങൾ വ്യാപിച്ചു കിടക്കുന്നു. ഇതിലേറ്റവും പഴക്കമുള്ളത്, ഏറ്റവും വലിയ സങ്കേ

## സാലമണ്ടർ

വല്ലികളുടേതു പോലുള്ള വാലുകളുള്ള ഉഭയ വർഗ ജീവികളാണ് (Amphibians) സാലമണ്ടറുകൾ. ശൈശവദശയിൽ (ചിലപ്പോൾ വലുതാകുമ്പോഴും) വാൽമാക്രികളെ പോലെ വെള്ളത്തിൽ ജീവിക്കുന്ന ഇവ ചെകിളകളിലൂടെയാണ് (Gills) ശ്വസിക്കുന്നത്. വലുതാകുമ്പോൾ ഇവ ശ്വാസകോശങ്ങളിലൂടെയും, തൊലികളിലെ സുഷിരങ്ങളിലൂടെയും ശ്വസിക്കാറുണ്ട്. ജല സാമീപ്യം ആവശ്യമുള്ളതിനാൽ ഇവ പൊതുവെ വെള്ളത്തിലും കരയിലുമാണ് കഴിഞ്ഞു കൂടാറ്. തവളകളുടെ കുടുംബക്കാരായ ഇവരുടെ തൊലി ശൽകങ്ങളില്ലാതെ മിനുസമേറിയതാണ്. ലോകത്തിൽ 500 ഓളം ഇനം സാലമണ്ടറുകളുണ്ട്. 2 സെന്റീമീറ്റർ വലുപ്പമുള്ള 'കുഞ്ഞൻ' ഇനങ്ങൾ തൊട്ട്, സുമാർ 2 മീറ്റർ വലുപ്പവും 65 കിലോഗ്രാം ഭാരവുമുള്ള ഭീമാകാരന്മാർ വരെ ഇവർക്കിടയിലുണ്ട്. ഉദാ. ചൈനയിലെ ഭീമൻ സാലമണ്ടർ (Chinese Giant Salamander).



# നീലക്കുറിഞ്ഞിയും
# ചെങ്കുറിഞ്ഞിയും

അത്യപൂർവമായ നീലക്കുറിഞ്ഞിയുടെ സംരക്ഷണാർഥം രൂപീകൃതമായ 'കുറിഞ്ഞിമല' സങ്കേതവും, ചെങ്കുറിഞ്ഞി വൃക്ഷങ്ങൾക്കു വേണ്ടി രൂപീകരിച്ച 'ചെന്തുരുണി' സങ്കേതവും നമുക്കുണ്ട്. കേരളത്തിൽ ഏറ്റവുമധികം സങ്കേതങ്ങളുള്ളത് ഏറ്റവും വലിയ ജില്ലയായ ഇടുക്കി ജില്ലയിൽ തന്നെയാണ് 5 എണ്ണം. വനങ്ങളാൽ സമ്പന്നമായ ഹൈറേഞ്ച് പ്രദേശങ്ങളുള്ള ഇടുക്കിയിലെ മൂന്നാറിൽ തന്നെയാണ് ഹിമാലയത്തിന് തെക്കുള്ള ഏറ്റവും വലിയ കൊടുമുടിയായ 'ആനമുടി' (2695 മീ) സ്ഥിതി ചെയ്യുന്നതെന്നത് കൂട്ടുകാർക്കറിയാമല്ലോ!!


ചെങ്കുറിഞ്ഞി


നീലക്കുറിഞ്ഞി

തമായ പെരിയാർ സങ്കേതം തന്നെയാണ്. നെല്ലിക്കാപെട്ടി വന്യജീവി സങ്കേതമെന്ന പേരിൽ 1934ൽ സ്ഥാപിതമായ ഈ സങ്കേതം സ്വാതന്ത്ര്യലബ്ധിക്കു ശേഷം 1950ൽ പെരിയാർ സങ്കേതം എന്ന് പുനർനാമകരണം ചെയ്യപ്പെടുകയും പ്രത്യേക വകുപ്പിന്റെ കീഴിലാക്കപ്പെടുകയും ചെയ്തു. മൊത്തം 777 ച.കി. വിസ്തൃതിയുണ്ടായിരുന്ന ഇതിന്റെ കേന്ദ്രഭാഗം (350 ച. കി.) പെരിയാർ നാഷണൽ പാർക്ക് ആയി 1982ൽ ഉയർത്തപ്പെടുകയുണ്ടായി. ഭാരതത്തിലെ 39 കടുവാസങ്കേതങ്ങളിൽ ഒന്ന് പെരിയാർ സങ്കേതത്തിലാണ്.

കേരളത്തിൽ ആകെയുള്ള രണ്ട് കടുവാ സങ്കേതങ്ങളിൽ (Tiger Reserves) മറ്റേത് 2009ൽ പ്രഖ്യാപിതമായ പറമ്പിക്കുളം സങ്കേതമാണ്. കേരളത്തിലെ ഏറ്റവും ചെറിയ സങ്കേതം എറണാകുളം ഹൈക്കോടതിക്ക് സമീപത്തുള്ള മംഗളവനം പക്ഷിസങ്കേതമാണ് 0.027 ച. കി. മാത്രമേ (2.7 ഹെക്ടർ) മാത്രമേ ഇതിനു വിസ്തൃതിയുള്ളൂ. ഈ പക്ഷിസങ്കേതം കൂടാതെ മറ്റു രണ്ട് പക്ഷിസങ്കേതങ്ങൾ കൂടി കേരളത്തിൽ ഉണ്ട്. പ്രസിദ്ധമായ തട്ടേക്കാട് സങ്കേതവും ചൂലന്നൂർ മയിൽ സങ്കേതവും (പട്ടിക 2 നോക്കുക).

ഈ വർഷം പുതിയ മൂന്ന് സങ്കേതങ്ങൾ കൂടി സർക്കാർ നിർദേശിച്ചത് പത്രങ്ങളിൽ നിന്ന് അറിഞ്ഞിരിക്കുമല്ലോ? കൊട്ടിയൂർ സങ്കേതം (കണ്ണൂർ), തിരുനെല്ലി സങ്കേതം (വയനാട്), ന്യൂ അമരമ്പലം സങ്കേതം (മലപ്പുറം) എന്നിവയാണവ. മലപ്പുറത്തെ ആദ്യത്തെ സങ്കേതമാണ് അമരമ്പലം. നിലവിൽ, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കാസറഗോഡ് എന്നീ ജില്ലകളിൽ മാത്രമേ വന്യജീവി സങ്കേതങ്ങളില്ലാതുള്ളൂ. 1973ൽ പ്രഖ്യാപിതമായ 'പ്രോജക്ട് ടൈഗർ' പദ്ധതിയും 1992ൽ കാലയളവിൽ പ്രഖ്യാപിതമായ 'പ്രോജക്ട് എലിഫന്റ്' പദ്ധതിയും പല വന്യജീവി സങ്കേതങ്ങളിലും നടപ്പാലാക്കി വരുന്നുണ്ട്.

(അടുത്ത ലക്കത്തിൽ:
**ദേശീയോദ്യാനങ്ങൾ**)

### കേരളത്തിലെ വന്യജീവി സങ്കേതങ്ങൾ

**പട്ടിക 2**

| നം. | വന്യജീവി സങ്കേതം | ജില്ല | വിസ്തീർണം | വിജ്ഞാപന വർഷം |
|---|---|---|---|---|
| 1 | ആറളം | കണ്ണൂർ | 55.00 | 1984 |
| 2 | വയനാട് | വയനാട് | 344.44 | 1973 |
| 3 | മലബാർ | കോഴിക്കോട് | 74.21 | 2009 |
| 4 | പറമ്പിക്കുളം | പാലക്കാട് | 285.00 | 1973 |
| 5 | ചൂലന്നൂർ | പാലക്കാട് | 3.42 | 2007 |
| 6 | പീച്ചി-വാഴാനി | തൃശ്ശൂർ | 125.00 | 1958 |
| 7 | ചിമ്മണി | തൃശ്ശൂർ | 85.07 | 1984 |
| 8 | മംഗളവനം | എറണാകുളം | 0.03 | 2004 |
| 9 | പെരിയാർ | ഇടുക്കി | 427.00 | 1950 |
| 10 | ഇടുക്കി | ഇടുക്കി | 70.00 | 1976 |
| 11 | തട്ടേക്കാട് | ഇടുക്കി | 25.16 | 1983 |
| 12 | ചിന്നാർ | ഇടുക്കി | 90.44 | 1984 |
| 13 | കുറിഞ്ഞിമല | ഇടുക്കി | 32.00 | 2006 |
| 14 | ചെന്തുരുണി | കൊല്ലം | 171.00 | 1984 |
| 15 | നെയ്യാർ | തിരുവനന്തപുരം | 128.00 | 1958 |
| 16 | പേപ്പാറ | തിരുവനന്തപുരം | 53.00 | 1983 |
| | **2011ൽ പുതുതായി നിർദേശിച്ച സങ്കേതങ്ങൾ** | | | |
| 17 | കൊട്ടിയൂർ | കണ്ണൂർ | 30.38 | 2011 |
| 18 | അമരമ്പലം | മലപ്പുറം | 215.00 | പരിഗണനയിൽ |
| 19 | തിരുനെല്ലി | വയനാട് | 40.90 | പരിഗണനയിൽ |